**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **29-07-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖല ഈ കോവിഡ് കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് 19 മഹാമാരി മൂലം കൈത്തറി മേഖലയിൽ നൂലിന് ക്ഷാമം, തൊഴിൽ നഷ്ടം, വിപണന കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. കുടിശ്ശിക കൂലി നൽകുന്നതിനും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനുമായി, 2020-21 സാമ്പത്തിക വർഷം റിബേറ്റ് ദിനങ്ങൾ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡു വഴി ധന സഹായ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റയിൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകിയിട്ടുമുണ്ട്. |
| (ബി) | ഒരു വർഷത്തേക്ക് രണ്ടുമാസം മാത്രം നെയ്യാനുള്ള നൂൽ നൽകിയിരുന്നിടത്ത് ഇപ്പോൾ ഒരു തൊഴിലാളിക്ക് 150 മീറ്റർ നൂൽ മാത്രമേ നെയ്യാൻ നൽകുകയുള്ളൂ എന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ടോ; | (ബി) | കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി ഒരു നെയ്ത്ത് തൊഴിലാളിക്ക് പരമാവധി, ഒരു ദിവസം ആറ് മീറ്റർ നെയ്യുന്ന കണക്ക് പ്രകാരം ഒരു മാസം 150 മീറ്റർ നൂലാണ് വിതരണം ചെയ്തു വരുന്നത്. |
| (സി) | സംസ്ഥാനത്തെ ടെക്സ്റ്റൈൽ കോർപ്പറേഷനുകളിലെ മില്ലുകളെല്ലാം നൂലിന്റെയും അസംസ്കൃത വസ്തുക്കളുടെയും ക്ഷാമം മൂലവും ഭീമമായ വൈദ്യുതി കുടിശികയുടെ പേരിലും അടഞ്ഞുകിടക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നൂലിന്റെയും അസംസ്കൃത വസ്തുക്കളുടെയും ക്ഷാമം മൂലവും ഭീമമായ വൈദ്യുതി കുടിശ്ശികയുടെ പേരിലും നിലവിൽ അടഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ കീഴിലെ മില്ലുകളെല്ലാം 80%-90% വരെ ഉത്പാദനക്ഷമതയോടെ പ്രവർത്തിച്ചു വരികയാണ്. കോർപ്പറേഷന്റെ ഒരു യൂണിറ്റായ കോട്ടയം ടെക്സ്റ്റൈൽസ്, വൈദ്യുതി കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് കെ.എസ്.ഇ.ബി വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും 07.02.2020 |

| | | | |
|---|---|---|---|
| | | | മുതൽ മിൽ ലേ-ഓഫിലാകുകയും ഉണ്ടായി. ടി മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ 4.72 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ